ആദിവാസികൾക്ക് കൈവശഭൂമിക്ക് പട്ടയം

122 (1410)ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദിവാസികൾക്ക് കൈവശഭൂമിക്ക് കൈവശ രേഖ കൊടുക്കുന്നതിനുള്ള സർവ്വേ നടപടികൾ ഗവണ്മെന്റ് ആരംഭിച്ചിട്ടുണ്ടോ;

(ബി) എത്ര സ്ഥലങ്ങളിൽ പ്രസ്തുത സർവ്വേ പൂർത്തിയായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) നാളിതുവരെ എത്ര ആളുകൾക്ക് കൈവശരേഖ നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ, 1980-ന് മുൻപ് വനഭൂമി കൈവശമുള്ള ആദിവാസി കുടിയിരുപ്പുകളിലെ ആദിവാസി കുടുംബങ്ങൾക്ക് റവന്യൂ, വനം വകുപ്പുദ്യോഗസ്ഥന്മാർ സംയുക്ത പരിശോധന നടത്തി കൈവശരേഖ കൊടുക്കുന്ന നടപടികൾ 11.2.1997-ലെ ജി.ഒ. (എം.എസ്.) നം. 88/97/റവന്യൂ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നടന്നുവരുന്നു.

(ബി) 590 ആദിവാസി കുടിയിരുപ്പുകളിൽ പ്രസ്തുത സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട്.

(സി) 1999, സെപ്തംബർ വരെ 7239 ആളുകൾക്ക് കൈവശരേഖ നൽകിയിട്ടുണ്ട്.

കുടികിടപ്പുക്കാർക്ക് നല്കുന്ന പട്ടയരേഖകളിൽ യഥാർത്ഥ സർവേ നമ്പർ രേഖപ്പെടുത്തുവാൻ നടപടി

123 (1411)ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടികിടപ്പുകാർക്ക് റവന്യൂ വകുപ്പിൽ നിന്ന് നല്കുന്ന പട്ടയരേഖകളിൽ സർവേ നമ്പരിൽ വ്യത്യാസം കാണുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെറ്റായ നമ്പരുകൾ മാറ്റി വസ്തുവിന്റെ യഥാർത്ഥ നമ്പർ എഴുതുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) യഥാർത്ഥ സർവേ നമ്പർ ചേർക്കുന്നതിന് ഉള്ള അപേക്ഷകൾ വില്ലേജ് ആഫീസുകളിൽ പരിഗണനയ്ക്കെടുക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തെറ്റായ നമ്പരുകൾ മാറ്റി വസ്തുവിന്റെ യഥാർത്ഥ നമ്പർ എഴുതുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly